# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 727      10.02.2016-ൽ മറുപടിക്ക്

## നാഷണൽ റൂറൽ ഹെൽത്ത് മിഷൻ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) നാഷണൽ റൂറൽ ഹെൽത്ത് മിഷൻ (NRHM) പദ്ധതിയിൽ ഉപയോഗപ്പെടുത്തി പുതുക്കാട് മണ്ഡലത്തിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ? | (എ) നാഷണൽ റൂറൽ ഹെൽത്ത് മിഷൻ (NRHM) പദ്ധതിയിൽ ഉൾപ്പെടുത്തി പുതുക്കാട് മണ്ഡലത്തിൽ താഴെ കൊടുക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>**മാതൃശിശു സംരക്ഷണം**<br>മാതൃശിശു സംരക്ഷണത്തിന്റെ ഭാഗമായി ജനനി സുരക്ഷാ യോജന, ഔട്ട് റീച്ച് ഇമ്മ്യൂണൈസേഷൻ പരിപാടിയ്ക്ക് സാമ്പത്തിക സഹായം, വിദ്യാലയ ആരോഗ്യ പരിപാടി, പ്രതിവാര അയൺഫോളിക് പോഷണ പരിപാടി, ആർ.ബി.എസ്.കെ, കൗമാര ആരോഗ്യ ക്ലിനിക്ക്, ട്രൈബൽ ഹെൽത്ത് പരിപാടിയുടെ ഭാഗമായി മെഡിക്കൽ ക്യാമ്പുകൾക്കായിട്ടുള്ള സാമ്പത്തിക സഹായം, കൗമാര ബോധവൽക്കരണ പരിപാടികൾ, മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനങ്ങളും ലഭ്യമാക്കുന്നു.<br><br>**മാനവവിഭവശേഷി**<br>താലൂക്ക് ആശുപത്രി പുതുക്കാട്, സി.എച്ച്.സി മറ്റത്തൂർ, പി.എച്ച്.സി വരന്തരപ്പിള്ളി എന്നീ സ്ഥാപനങ്ങളിലെ ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്, സ്കൂൾ ഹെൽത്ത് ജെ.പി.എച്ച്.എൻ. മാർ, ബ്ലോക്ക് പി.ആർ.ഒ. എന്നീ വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.<br><br>**പാലിയേറ്റീവ് പരിചരണ പദ്ധതികൾ**<br>പാലിയേറ്റീവ് പരിചരണ പരിപാടിയുടെ ഭാഗമായി ഹോം കെയർ പരിപാടിയുടെ സുഗമമായ നടത്തിപ്പിനുവേണ്ട സഹായങ്ങൾ ലഭ്യമാക്കുന്നു. |

(.....2)

**അംഗീകൃത സാമൂഹിക ആരോഗ്യ പ്രവർത്തക (ആശ)**

ആശാ പ്രവർത്തകർക്ക് പരിശീലനം നൽകി ആരോഗ്യ രംഗത്ത് സേവനങ്ങൾ നൽകുന്നതിന് സജ്ജരാക്കിയിരിക്കുന്നു.

ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി ആദിവാസി മേഖലകളിൽ പ്രത്യേകമായി ക്യാമ്പയിനുകൾ സംഘടിപ്പിക്കുവാൻ ഫണ്ടുകൾ നൽകിയിട്ടുണ്ട്.

ജീവിതശൈലീരോഗ നിർണ്ണയ നിയന്ത്രണ പരിപാടിയുടെ ഭാഗമായുള്ള സേവനങ്ങളും, മറ്റ് ദേശീയ രോഗനിയന്ത്രണ പരിപാടിയുടെ ഭാഗമായിട്ടുള്ള സേവനങ്ങളും നൽകുന്നുണ്ട്.

ആരോഗ്യ സ്ഥാപനങ്ങൾക്കാവശ്യമായിട്ടുള്ള ആശുപത്രി ഉപകരണങ്ങൾ, പ്രത്യേകമായി ഡയാലിസിസ് യൂണിറ്റിനാവശ്യമായ ഉപകരണങ്ങൾ, ഉപാധിരഹിത ഫണ്ടുകൾ, വാർഷിക അറ്റകുറ്റപണികൾക്കുള്ള ഫണ്ടുകൾ, എച്ച്.എം.സി. ഫണ്ട്, വാർഡ്തല ആരോഗ്യ ശുചിത്വ പോഷണ സമിതിക്കുള്ള ഫണ്ട് എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് സി.എച്ച്.സി മറ്റത്തൂർ ഒ.പി. ബ്ലോക്ക് നിർമ്മിക്കുകയുണ്ടായി. ഇതിൽ ഒ.പി. ടിക്കറ്റ് നൽകുന്നതിന് രോഗികൾക്കുള്ള വെയ്റ്റിംഗ് സ്ഥലം, ഡോക്ടർമാർക്കുള്ള പരിശോധനാ മുറി എന്നിവ സജ്ജമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ